## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.505** **29.11.2018-ൽ മറുപടിക്ക്**

## ഇ-വേ ബിൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഇ-വേ ബിൽ ഇല്ലാതെ നികുതി വെട്ടിച്ച് ചരക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ-വേ ബിൽ നടപ്പിലായതിനെത്തുടർന്ന് ഇതിന്റെ പരിശോധന കുറേക്കൂടി കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിച്ച് ചരക്ക് കടത്തുന്നത് തടയുന്നതിനുമായി കൂടുതൽ ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് സംസ്ഥാനത്ത് സർവൈലൻസ് സ്ക്വാഡുകളുടെയും മൊബൈൽ സ്ക്വാഡുകളുടെയും എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര ഇന്റലിജൻസ് സ്ക്വാഡുകൾ ഉണ്ട്; ഇത് വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 126 സർവൈലൻസ് സ്ക്വാഡുകളും 52 മൊബൈൽ സ്ക്വാഡുകളും ചേർത്ത് ആകെ 172 ഇന്റലിജൻസ് സ്ക്വാഡുകൾ ഉണ്ട് . |
| (സി) | 2017 ജൂലായ് മുതൽ സംസ്ഥാനത്ത് വരുന്ന ചരക്കുകളിൽ നിന്ന് ലഭിക്കേണ്ട നികുതിയിൽ (ഐ.ജി.എസ്.ടി.) ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | അന്തർസംസ്ഥാന വാങ്ങലിന് നൽകിയ ഐ.ജി.എസ്.ടി അടുത്തമാസം അടയ്ക്കേണ്ട എസ്.ജി.എസ്.ടി യിലേക്ക് തട്ടിക്കിഴിക്കാവുന്നതാണ്. ഇത്തരം അന്തർസംസ്ഥാന വാങ്ങലുകൾ പൂർണ്ണമായി അക്കൗണ്ട് ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുകയാണ് ഇ-വേ ബില്ലിന്റെ ലക്ഷ്യം. ഇത് അതാത് മാസങ്ങളിലെ വിൽപ്പനയുടെ വിറ്റുവരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇ-വേ ബിൽ നടപ്പിലായതിനെത്തുടർന്ന്, 2018 മേയ് മുതൽ ഒക്ടോബർ വരെയുള്ള ഐ.ജി.എസ്.ടി ക്രെഡിറ്റുപയോഗിച്ച് അടച്ച എസ്.ജി.എസ്.ടി യുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| മാസം | ഐ.ജി.എസ്.ടി ക്രഡിറ്റുപയോഗിച്ച് അടച്ച എസ്.ജി.എസ്.ടി |
|---|---|
| മേയ്, 2018 | 785.97 കോടി |
| ജൂൺ, 18 | 879.89 കോടി |
| ജൂലൈ,18 | 848.44 കോടി |
| ആഗസ്റ്റ്,18 | 746.21 കോടി |
| സെപ്റ്റംബർ,18 | 651.90 കോടി |
| ഒക്ടോബർ, 18 | 1068.43 കോടി |

| | | | |
|---|---|---|---|
| (ഡി) | പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | റിട്ടേണുകൾ വിശദാംശങ്ങളോടും കൂടി പൂർണ്ണമായ രീതിയിൽ ഇതുവരെയും ഫയൽ ചെയ്യപ്പെട്ടുതുടങ്ങിയിട്ടില്ല. എന്നാൽ 2018 ഡിസംബർ 31 ഓടുകൂടി വാർഷിക റിട്ടേണുകളും ആഡിറ്റഡ് സ്റ്റേറ്റ്മെന്റും ലഭ്യമാകുന്നതോടുകൂടി റിട്ടേണിന്റെ പരിശോധന നടത്തുവാൻ കഴിയും. ഇത് നികുതി വരുമാനം വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**